# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025 - 2026

## ഗവ : മോഡൽ യു. പി. എസ്.

### പിറവന്തൂർ

- ഉപജില്ല - പുനലൂർ
- വിദ്യാഭ്യാസ ജില്ല - പുനലൂർ
- ജില്ല - കൊല്ലം





## ഉള്ളടക്കം


* ആമുഖം
* പൊതുലക്ഷ്യങ്ങൾ
* അക്കാദമികപ്രവർത്തനങ്ങൾ
* ഉപസംഹാരം

# ആമുഖം

വിദ്യാഭ്യാസപരമായും സാമ്പത്തികപരമായും ഏറെ പിന്നിൽ നിൽക്കുന്ന ഒരു മലയോര ഗ്രാമമായിരുന്ന പിറവന്തൂർ.കിഴക്ക് സഹ്യാദ്രിസാനുക്കളെയും അച്ചൻകോവിലാറിനെയും തെക്ക് കല്ലടയാറിനെയും വടക്കും പടിഞ്ഞാറും ചെറുവനപ്രദേശങ്ങളെയും പത്തനാപുരം പഞ്ചായത്തിനെയും തൊട്ടുരുമ്മി ഈ ഗ്രാമം സ്ഥിതി ചെയ്യുന്നു.

ഒരു നൂറ്റാണ്ടിന് മുൻപ് ശ്രീനാരായണഗുരുദേവൻ ഈ ദേശം സന്ദർശിച്ച വേളയിൽ ഒരു വിദ്യാലയം ആരംഭിക്കേണ്ടതിന്റെ ആവശ്യകത വ്യക്തമാക്കിയതിന്റെ അടിസ്ഥാനത്തിൽ ആരംഭിച്ച വിദ്യാലയമാണ് പിറവന്തൂർ സ്കൂൾ .1914 ൽ ആരംഭിച്ച ഈ വിദ്യാലയം നാട്ടിലെ നല്ലവരായ ഏതാനും വ്യക്തികളുടെയും മറ്റും ശ്രമഫലമായി ഇന്ന് കാണുന്ന 40 സെന്റ് സ്ഥലം വാങ്ങുകയും അതിൽ ഗവൺമെന്റ് നിർമ്മിച്ച കെട്ടിടത്തിൽ എൽ.പി സ്കൂൾ ആയി പ്രവർത്തിച്ചു പോരുകയും ചെയ്തു. പ്രദേശത്തെ വിവിധ സാമൂഹിക സാംസ്കാരിക സംഘടനകളുടെ ശ്രമഫലമായി 1974 ൽ ഈ വിദ്യാലയത്തെ മോഡൽ സ്കൂളായി ഉയർത്തി.സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികളാണ് ഇവിടെ പഠിക്കുന്നത്.അവരുടെ സമഗ്രപുരോഗതിയ്ക്കായി അധ്യാപകർ, അനധ്യാപകർ, SMC, PTA, MPTA, LSG, SSK എന്നിവരുടെ കൂട്ടായ പരിശ്രമത്തിലൂടെ ഈ വിദ്യാലയം പുരോഗതിയുടെ പാതയിലാണ്.

നിലവിൽ ഈ സ്കൂളിൽ പ്രീ പ്രൈമറി മുതൽ 7 വരെ 302 കുട്ടികൾ പഠിക്കുന്നു. പ്രഥമാധ്യപകൻ ഉൾപ്പെടെ 14 സ്ഥിരാധ്യാപകർ ,2 അനധ്യാപകർ , ഒരു സംരക്ഷിത അധ്യാപിക,SSK യിൽ നിന്നും കായികം,പ്രവർത്തിപരിചയം,സ്പെഷ്യൽ എഡ്യൂക്കേഷൻ എന്നീ വിഭാഗങ്ങളിലായി ഓരോ അധ്യാപകരും ഇവിടെ സേവനമനുഷ്ഠിക്കുന്നു.എല്ലാ വർഷവും 100% വിജയം കൈവരിക്കുന്ന സ്കൂളാണിത്. കലോത്സവങ്ങൾ ,സംസ്കൃതോത്സവം,കായികമേള, ശാസ്ത്ര,ഗണിതശാസ്ത്ര,പ്രവർത്തിപരിചയമേളകൾ,വിദ്യാരംഗം കലാസാഹിത്യവേദി മത്സരങ്ങൾ എന്നിവയിൽ കുട്ടികൾ മികച്ച പ്രകടനം കാഴ്ച വെയ്ക്കുന്നു.

ലാബ്,ലൈബ്രറി എന്നിവ ശരിയായ രീതിയിൽ പ്രവർത്തിക്കുന്നതിനാവശ്യമായ സംവിധാനങ്ങൾ പര്യാപ്തമല്ല. ആരോഗ്യ - കായികവളർച്ച ലക്ഷ്യം വച്ചുള്ള പ്രവർത്തനങ്ങൾ പരിശീലിപ്പിക്കുന്നതിനുള്ള സ്ഥലപരിമിതിയും നിലനില്ക്കുന്നു.

## പൊതുലക്ഷ്യങ്ങൾ

എല്ലാ കുട്ടികളും അതത് ക്ലാസ്സിൽ നേടേണ്ട പഠനശേഷികൾ നേടിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തും.

പാഠ്യ പാഠ്യേതര വിഷയങ്ങളിൽ കുട്ടികളുടെ പൂർണ്ണ പങ്കാളിത്തം ഉറപ്പുവരുത്തും.

വിദ്യാലയ വികസനത്തിനായി ജാതി മത രാഷ്ട്രീയ ഭേദമെന്യേ സഹായസഹകരണങ്ങൾ ഉറപ്പാക്കും.

വിവിധ ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കി കുട്ടകളുടെ കഴിവുകൾ അഭിരുചികൾ എന്നിവ വളർത്തും.

കാർഷികസംസ്കാരത്തോട് ആഭിമുഖ്യം വളർത്തും.

വിദ്യാലയം ഹരിതവിദ്യാലയം ആക്കുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കും.

പ്രത്യേക പരിഗണന അർഹിക്കുന്നവരുടെ പഠനത്തിനായി സാദ്ധ്യമായ എല്ലാ സംവിധാനങ്ങളും ക്രമീകരിക്കും.

പഠനത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം ഉറപ്പുവരുത്തും.

ക്ലാസ്സ് മുറിയിലെ പ്രവർത്തനങ്ങൾക്കുപുറമെ എല്ലാ കുട്ടികൾക്കും കലാകായിക പ്രവൃത്തിപരിചയ പ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കും.

# അക്കാദമികപ്രവർത്തനങ്ങൾ

L.P

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാകുട്ടികൾക്കും എഴുതാനും വായിക്കാനും സ്വയം വ്യവഹാരരൂപത്തിൽ ഏർപ്പെടാനും കഴിയുന്നു | ❖ സചിത്ര ഡയറി<br>❖ സംയുക്ത ഡയറി<br>❖ വായനമൂല ക്രമീകരിക്കൽ<br>❖ ചിത്രവായന<br>❖ കഥ പറയൽ | ജൂൺ<br>മാർച്ച് | SRG<br>Class teacher | SSK<br>PTA<br>2000.Rs |
| എല്ലാകുട്ടികളെയും ലളിതമായ ബാലസാഹിത്യ കൃതികൾ വായിച്ചു ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക | ❖ ക്ലാസ് ലൈബ്രറി ഒരുക്കൽ<br>❖ മലയാളം മധുരം പ്രവർത്തനങ്ങൾ<br>❖ പാട്ടരങ്ങ്<br>❖ അമ്മവായന<br>❖ ചിത്രകഥാവായന | ആഗസ്റ്റ്<br>മാർച്ച് | SRG<br>Class teacher | SSK<br>STAFF<br>500.RS |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാകുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായം ഇല്ലാതെ ലഘു വാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നു | ❖ സചിത്ര ഡയറി<br>❖ സംയുക്ത ഡയറി<br>❖ വായനാക്കാർഡുകൾ നിർമ്മിക്കുന്നു<br>❖ വരികൾ പൂർത്തിയാക്കുന്നു | ജൂൺ<br>മാർച്ച് | SRG<br>Class teacher | SSK<br>PTA<br>1000.Rs |
| സർഗ്ഗശേഷി കൈവരിക്കുന്നു | ❖ റീഡേഴ്സ് തീയറ്റർ<br>❖ ക്ലാസ് ലൈബ്രറി ഒരുക്കൽ<br>❖ മലയാളം മധുരം പ്രവർത്തനങ്ങൾ<br>❖ പാട്ടരങ്ങ്<br>❖ വായനോത്സവം<br>❖ ചിത്രകഥാവായന | സെപ്റ്റംബർ<br>ഫെബ്രുവരി | SRG<br>Class teacher | SSK<br>STAFF<br>500.RS |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ലിപികൾ തിരിച്ചറിഞ്ഞു മറ്റുള്ളവരുടെ സഹായത്തോടെ ലഘുകവിതകൾ ചെറുകഥകൾ എഴുതുന്നു വായിക്കുന്നു | ❖ വായനമൂല ക്രമീകരിക്കൽ<br>❖ ചിത്രവായന<br>❖ കഥ പറയൽ<br>❖ കൂട്ട വായന | ജൂലൈ മാർച്ച് | SRG Class teacher | SSK PTA 500.Rs |
| അക്ഷരങ്ങൾ ഘടന പാലിച്ചെഴുതുന്നു | ❖ തെളിവെടുത്തെഴുത്ത്<br>❖ ബോർഡെഴുത്ത്<br>❖ ചാർട്ടെഴുത്ത്<br>❖ കട്ടിക്കെഴുത്ത്<br>❖ സചിത്രപുസ്തകമെഴുത്ത് | ജൂൺ മാർച്ച് | SRG Class teacher | SSK STAFF |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പാട്ടരങ്ങ്, റീഡേഴ്സ് തീയറ്റർ എന്നിവയിൽ ഏർപ്പെടുന്നു | ❖ കഥാവായന<br>❖ ഭാവാത്മകവായന<br>❖ കൂട്ട വായന<br>❖ വീട്ടുവായന<br>❖ സംഭാഷണാവതരണം<br>❖ രംഗാഭിനയം | ജൂലൈ<br>മാർച്ച് | SRG<br>Class teacher | SSK<br>PTA<br>500.Rs |
| വായനോത്സവം, രചനോത്സവം എന്നിവയിലൂടെയുള്ള ഭാഷാവികസനം | ❖ റീഡേഴ്സ് തീയറ്റർ<br>❖ ക്ലാസ് ലൈബ്രറി ഒരുക്കൽ<br>❖ മലയാളം മധുരം പ്രവർത്തനങ്ങൾ<br>❖ പാട്ടരങ്ങ്<br>❖ വായനോത്സവം<br>❖ ചിത്രകഥാവായന | സെപ്റ്റംബർ<br>മാർച്ച് | SRG<br>Class teacher | SSK<br>STAFF<br>500.RS |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ക്ലാസ്സിലെ എല്ലാകുട്ടികളെയും തെറ്റില്ലാതെ എഴുതാനും വായിക്കാനും കഴിയുന്നവരാക്കുന്നു | ❖ സർഗാത്മക ഡയറി<br>❖ വായനാക്കൂട്ടം<br>❖ വായനമൂല ക്രമീകരിക്കൽ<br>❖ ക്ലാസ് ലൈബ്രറി ഒരുക്കൽ<br>❖ പുസ്തകപരിചയം | ജൂൺ<br>മാർച്ച് | SRG<br>Class teacher | SSK<br>PTA<br>1000.Rs |
| ഭാവാത്മകമായ വായനാശേഷി എഴുത്ത് എന്നിവ വളരുന്നു | ❖ ചങ്ങാത്തവായന<br>❖ ക്ലാസ് ലൈബ്രറി ഒരുക്കൽ<br>❖ മലയാളം മധുരം പ്രവർത്തനങ്ങൾ<br>❖ പാട്ടരങ്ങ്<br>❖ അമ്മവായന<br>❖ ചിത്രകഥാവായന | ജൂൺ<br>മാർച്ച് | SRG<br>Class teacher | SSK<br>STAFF<br>500.RS |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| നാടോടിക്കഥകൾ വായ്ത്താരികൾ, കടങ്കഥകൾ നാടൻപാട്ടുകൾ എന്നിവ അവതരിപ്പിക്കുന്നു | ❖ നാടൻകലകൾ പരിചയപ്പെടൽ<br>❖ അവതരണം<br>❖ അഭിമുഖം | ജൂൺ<br>ജൂലൈ | SRG<br>Class teacher | SSK<br>PTA<br>1000.Rs |
| ലേഖനശേഷി പരിപോഷിപ്പിക്കൽ | ❖ സാഹിത്യകൃതികൾ പരിചയപ്പെടുന്നു<br>❖ വിശകലനം ചെയ്യുന്നു<br>❖ ക്ലാസ് ലൈബ്രറി ഒരുക്കൽ<br>❖ വായനോത്സവം | വർഷം മുഴുവൻ | Class teacher | STAFF |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സാഹിത്യ പ്രതിഭകളെ അടുത്തറിയാം | ❖ ഡോക്യുമെന്ററി പ്രദർശനം<br>❖ പുസ്തകപ്രദർശനം<br>❖ ചിത്ര ഗ്യാലറി | ആഗസ്റ്റ്<br>നവംബർ | SRG<br>Class teacher | SSK<br>PTA<br>2000.Rs |
| വായനാപരിപോഷണം | ❖ പുസ്തക ശേഖരണം<br>❖ നാട്ടുവായന | ആഗസ്റ്റ്<br>നവംബർ | Class teacher | SSK |
| സർഗാത്മകതയെ ഉണർത്താം | ❖ രചനാശില്പശാല<br>❖ കഥ ,കവിത<br>❖ രചനാവേദികൾ | ജനുവരി<br>ഫെബ്രുവരി | Class teacher | PTA |
| ആർജിച്ച ശേഷികളുടെ അവതരണം ക്രോഡീകരണം | ❖ ക്ലാസ്സ്തല പഠനോത്സവം<br>❖ കോർണർ തലം<br>❖ സ്കൂൾ തലം | ഫെബ്രുവരി<br>മാർച്ച് | SSK<br>SRG<br>TEACHERS | SSK<br>SMC<br>PTA |

L.P. English

| AIMS | ACTIVITIES | PERIOD | TASK EXECUTION | FINANCE |
|---|---|---|---|---|
| To speak, read and write English without any mistakes. | <u>Listening Skills</u><br>❖ Games, Action songs, Hello English Activities.<br>❖ Conversations, Skit, Stories using ICT<br><u>Speaking Skills</u><br>❖ Identify the naming words from the picture<br>❖ Identify the action words from the same pictures<br>❖ Make simple sentences using the action word and naming words above the picture<br>❖ Make simple descriptions about the picture | June and July | ❖ SRG<br>❖ Class teacher | ❖ SSK 1000.Rs |

| AIMS | ACTIVITIES | PERIOD | TASK EXECUTION | FINANCE |
|---|---|---|---|---|
| Develop creative speaking and writing | ❖ Growing sentences, picture reading, self-introduction, assembly are also conducted.<br><br>Other Activities<br>❖ Speech<br>❖ Quiz<br>❖ Riddles<br>❖ Self-introduction<br><br>Reading skill<br>❖ News reading, Library books reading<br>❖ Find words<br>❖ Collect and read past tense<br>❖ Describing words | August and September | ❖ SRG<br>❖ Class teacher | ❖ SSK<br>❖ 500.Rs |

L P English

| AIMS | ACTIVITIES | PERIOD | TASK EXECUTION | FINANCE |
|---|---|---|---|---|
| To express thought, feeling etc. | ❖ Textbook activities<br><br><u>Writing skills</u><br>❖ Make word web<br>❖ Picture description with describing words<br>❖ Make words and sentences<br>❖ Word chain, sentence chain<br>❖ Make riddles, conversation<br>❖ Add more lines<br><br><u>Reading skills</u><br>News reading, book reading etc. | October and November | SRG<br>Class teacher | 500.Rs<br>PTA |

| AIMS | ACTIVITIES | PERIOD | TASK EXECUTION | FINANCE |
|---|---|---|---|---|
| Develop creative speaking and writing | ❖ Conversations, skit, stories using ICT<br>❖ Develop story<br>Read notice<br>Writing skills<br>❖ Description<br>❖ Notice, proclamation<br>❖ Thought<br>Other activities<br>Speech, quiz, riddles, skills, magazines<br>Reading skills<br>❖ News reding, book reding<br>❖ Develop story<br>❖ Reads diary<br>❖ Reads letters from friends | December<br>January | Class teacher | SSK |

| AIMS | ACTIVITIES | PERIOD | TASK EXECUTION | FINANCE |
|---|---|---|---|---|
| To improve presentation power | <u>Writing skills</u><br>❖ Diary<br>❖ Letter<br>❖ Announcement<br><u>Other Activities</u><br>Speech, Quiz, Riddles, Magazines, Skits etc<br><br><u>Reading skills</u><br>❖ Newspaper, books etc<br>❖ Conversations, skits, stories (ICT)<br>❖ Develop stories<br>❖ Reads diary<br>❖ Reads letters from friends<br><u>Writing skills</u> | February<br>March | SRG<br>Class teacher | SSK<br>1000.Rs |

| AIMS | ACTIVITIES | PERIOD | TASK EXECUTION | FINANCE |
| --- | --- | --- | --- | --- |
| | ❖ Diary<br>❖ Letter<br>❖ Announcement<br>❖ Description<br>❖ Notice, proclamation<br>❖ Thought<br>Other activities<br>❖ Speech, Quiz, riddles, exhibition | | | |

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| ❖ നിരീക്ഷണം - അറിവ് നിർമ്മാണം. | ❖ പ്രകൃതി നടത്തം.<br>❖ പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ. | ആവശ്യാനുസരണം | ❖ HM<br>❖ CPTA<br>❖ Class Teacher | ❖ PTA |
| ❖ ശാസ്ത്രപഠനം ലളിതവും രസകരവുമാക്കൽ | ❖ ശാസ്ത്രമൂല<br>❖ ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ.പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ. | വർഷം മുഴുവൻ | ❖ HM<br>❖ SRG<br>❖ Class Teacher | ❖ PTA<br>❖ SSA |

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| ❖ ശാസ്ത്ര പഠനത്തിൽ താല്പര്യം ജനിപ്പിക്കൽ അന്വേഷണ ത്വര വളർത്തൽ. | ❖ ശാസ്ത്രയാത്ര<br>❖ വാനനിരീക്ഷണ കേന്ദ്രം, സയൻസ് പാർക്ക്, ശാസ്ത്ര മെഡിക്കൽ പ്രദർശനങ്ങൾ,ഫോക്ക് ലോർ അക്കാദമി ഇവ സന്ദർശിക്കൽ. | ആവശ്യാനുസരണം | ❖ HM<br>❖ SRG<br>❖ CPTA<br>❖ Class Teacher | ❖ PTA<br>❖ രക്ഷിതാക്കൾ<br>1000.Rs |
| ❖ ഭൂപട വായന, ഭൂപട രചന, സൂചിക പരിചയപ്പെടൽ, സൂചികാനിർമ്മാണം , | ❖ ഭൂപടമൊരുക്കാം കേരളം - ഇന്ത്യ ഭൂപട വായന. | വർഷത്തിലൊന്ന് | ❖ SRG<br>❖ Class Teacher | ❖ PTA |

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| കളങ്ങൾ ഉപയോഗിക്കൽ. | | | | |
| ❖ ശാസ്ത്ര പഠനം രസകരമാക്കൽ | ❖ ശാസ്ത്ര വിസ്മയ ചുമർ<br>❖ ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ. | ആവശ്യാനുസരണം | ❖ SRG<br>❖ Class Teacher | ❖ PTA 500.Rs |
| ❖ ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം. | ❖ ശാസ്ത്രോത്സവം<br>❖ പഠന ഉൽപ്പന്നങ്ങളുടെ പ്രദർശനം. .(പതിപ്പ്, ചാർട്ട്, ആൽബം, പഠനോപകരണം,പരീക്ഷണം.) | ഫെബ്രുവരി - മാർച്ച് | ❖ CPTA<br>❖ PTA<br>❖ HM<br>❖ SRG<br>❖ Class Teacher | ❖ PTA |

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| ❖ അറിവുകളുടെ രചന | ❖ ശാസ്ത്ര മാസിക<br>❖ ശാസ്ത്ര പഠനത്തിലൂടെ നേടിയ ശാസ്ത്ര മാസികകളുടെ നിർമ്മാണം. | വർഷത്തിലൊന്ന് | ❖ HM<br>❖ SRG<br>❖ Class Teacher | ❖ PTA 500.Rs |

L.P. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ക്ലാസ്സിലെ എല്ലാകുട്ടികളെയും തെറ്റില്ലാതെ എഴുതാനും വായിക്കാനും കഴിയുന്നവരാക്കുന്നു | ❖ സർഗാത്മക ഡയറി<br>❖ വായനാക്കൂട്ടം<br>❖ വായനമൂല ക്രമീകരിക്കൽ<br>❖ ക്ലാസ് ലൈബ്രറി ഒരുക്കൽ<br>❖ പുസ്തകപരിചയം | ജൂൺ<br>മാർച്ച് | SRG<br>Class teacher | SSK<br>PTA<br>1000.Rs |
| ഭാവാത്മകമായ വായനാശേഷി എഴുത്ത് എന്നിവ വളരുന്നു | ❖ ചങ്ങാത്തവായന<br>❖ ക്ലാസ് ലൈബ്രറി ഒരുക്കൽ<br>❖ മലയാളം മധുരം പ്രവർത്തനങ്ങൾ<br>❖ പാട്ടരങ്ങ്<br>❖ അമ്മവായന<br>❖ ചിത്രകഥാവായന | ജൂൺ<br>മാർച്ച് | SRG<br>Class teacher | SSK<br>STAFF<br>500.RS |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| നാടോടിക്കഥകൾ വായ്ത്താരികൾ, കടങ്കഥകൾ നാടൻപാട്ടുകൾ എന്നിവ അവതരിപ്പിക്കുന്നു | ❖ നാടൻകലകൾ പരിചയപ്പെടൽ<br>❖ അവതരണം<br>❖ അഭിമുഖം | ജൂൺ<br>ജൂലൈ | SRG<br>Class teacher | SSK<br>PTA<br>1000.Rs |
| ലേഖനശേഷി പരിപോഷിപ്പിക്കൽ | ❖ സാഹിത്യകൃതികൾ പരിചയപ്പെടുന്നു<br>❖ വിശകലനം ചെയ്യുന്നു<br>❖ ക്ലാസ് ലൈബ്രറി ഒരുക്കൽ<br>❖ വായനോത്സവം | വർഷം മുഴുവൻ | Class teacher | STAFF |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സാഹിത്യ പ്രതിഭകളെ അടുത്തറിയാം | ❖ ഡോക്യുമെന്ററി പ്രദർശനം<br>❖ പുസ്തകപ്രദർശനം<br>❖ ചിത്ര ഗ്യാലറി | ആഗസ്റ്റ്<br>നവംബർ | SRG<br>Class teacher | SSK<br>PTA<br>2000.Rs |
| വായനാപരിപോഷണം | ❖ പുസ്തക ശേഖരണം<br>❖ നാട്ടുവായന | ആഗസ്റ്റ്<br>നവംബർ | Class teacher | SSK |
| സർഗാത്മകതയെ ഉണർത്താം | ❖ രചനാശില്പശാല<br>❖ കഥ ,കവിത<br>❖ രചനാവേദികൾ | ജനുവരി<br>ഫെബ്രുവരി | Class teacher | PTA |
| ആർജിച്ച ശേഷികളുടെ അവതരണം ക്രോഡീകരണം | ❖ ക്ളാസ്സ്തല പഠനോത്സവം<br>❖ കോർണർ തലം<br>❖ സ്കൂൾ തലം | ഫെബ്രുവരി<br>മാർച്ച് | SSK<br>SRG<br>TEACHERS | SSK<br>SMC<br>PTA |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| രൂപങ്ങൾ വരയ്ക്കാം<br>❖ ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയൽ<br>❖ ചതുരം, വൃത്തം, ത്രികോണം,സമചതുരം, എന്നീ രൂപങ്ങൾ തിരിച്ചറിഞ്ഞു രേഖപ്പെടുത്തുന്നു<br>❖ ജ്യാമിതീയ സൗന്ദര്യം തിരിച്ചറിയുന്നു | ❖ തോരണനിർമ്മാണം<br>❖ തോണി നിർമ്മാണം<br>❖ വീട് നിർമ്മാണം<br>❖ പാറ്റേണുകൾ കണ്ടെത്തൽ<br>❖ വെജിറ്റൽ പ്രിന്റിംഗ്<br>❖ ഗ്രീറ്റിംഗ് കാർഡ് നിർമ്മാണം | ജൂൺ<br>ജൂലൈ | ❖ SRG<br>❖ Class teacher | ❖ SSK<br>1000.Rs |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ❖ എല്ലാകുട്ടികൾക്കും 1 -1000 വരെയുള്ള സംഖ്യകൾ എഴുതാനുള്ള ശേഷി ഉറപ്പാക്കുക | ❖ നറുക്കെടുക്കാം<br>❖ പാറ്റേൺ പൂർത്തിയാക്കൽ<br>❖ ക്രമത്തിലാക്കാം<br>❖ ആരോഹണ അവരോഹണ<br>❖ ക്രമത്തിലെഴുതാം<br>❖ സ്ഥാനവില പരിചയപ്പെടുത്തുന്നു | ജൂൺ സെപ്റ്റം ബർ | ❖ SRG<br>❖ Class teacher | ❖ SSK 1000.Rs<br>❖ PTA |
| ❖ എല്ലാകുട്ടികൾക്കും മൂന്നക്ക/നാലക്ക സംഖ്യകൾ വ്യാഖ്യാനിക്കാൻ കഴിയുന്നു | ❖ കൂട്ടങ്ങളാക്കാം<br>❖ സംഖ്യകളെ വ്യത്യസ്ത രീതിയിൽ മാറ്റിയെഴുതാം<br>❖ സംഖ്യകളെ അബാക്കസിൽ ക്രമീകരിക്കുന്നു.<br>❖ അരവിന്ദ് ഗുപ്ത കാർഡുകൾ ഉപയോഗിച്ച് സംഖ്യകൾ നിർമ്മിക്കുന്നു. | ജൂൺ നവംബർ | ❖ SRG<br>❖ Class teacher | ❖ SSK 1000.Rs |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ❖ എല്ലാ കുട്ടികൾക്കും ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നു | ❖ സംഖ്യാസ്ട്രിപ്പുകൾ നിർമ്മാണം<br>❖ അബാക്കസ് നിർമ്മാണം<br>❖ പ്രായോഗിക പ്രശ്നങ്ങളുടെ നിർദ്ധാരണം<br>❖ സ്കയിൽ നിർമ്മാണം<br>❖ ഗുണനവസ്തു കാർഡ് നിർമ്മാണം<br>❖ വിവിധ ക്രിയകൾ അടങ്ങിയ<br>❖ നറുക്കുകൾ കുട്ടികൾ തെരഞ്ഞെടുക്കുന്നു. ക്രിയകൾ ചെയ്യുന്നു<br>❖ കമ്പ് കെട്ട് ശേഖരണം<br>❖ സംഖ്യാചക്രം നിർമ്മാണം<br>❖ പ്രായോഗിക പ്രശ്നനിർദ്ധാരണം | ജൂലൈ മാർച്ച് | ❖ SRG<br>❖ Class teacher | ❖ SSK 1000.Rs |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാകുട്ടികൾക്കും 1 മുതൽ 10000 വരെയുള്ള സംഖ്യകൾ എഴുതാനുള്ള ശേഷികൾ ഉറപ്പിക്കുക | ❖ നറുക്കെടുക്കാം<br>❖ പാറ്റേൺ പൂർത്തിയാക്കൽ<br>❖ സംഖ്യകളെ വ്യത്യസ്ത രീതിയിൽ മാറ്റിയെഴുതാം | ജൂൺ<br>ജൂലൈ | ❖ SRG<br>❖ Class teacher | ❖ SSK 1000.Rs<br>❖ PTA |
| ജ്യാമിതീയരൂപങ്ങൾ പഠിക്കുന്നതിലൂടെ ഗണിതപരമായ കഴിവുകൾ വികസിപ്പിക്കുന്നു | ❖ ജ്യാമിതിച്ചന്തം വിവിധ പ്രവർത്തനങ്ങൾ<br>❖ ശില്പശാല -ടാൻഗ്രാം ഉപയോഗിച്ച് രൂപങ്ങൾ നിർമ്മിക്കൽ | ജൂൺ<br>നവംബർ | | ❖ SSK 2000Rs |
| പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നനുള്ള ശേഷി ഉറപ്പിക്കൽ | ❖ ഷോപ്പിംഗ്<br>❖ യാത്ര<br>❖ പസിൽ ഗെയിമുകൾ<br>❖ സ്ഥിരപരിശീലനം | ജൂലൈ<br>മാർച്ച് | | |

യു.പി മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ഭാഷയുടെ അടിസ്ഥാന ശേഷി വികസനം: ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക | **എന്റെ അവധിക്കാലം**<br>പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ ( കഥ, കവിത, യാത്രാനുഭവം, അനുഭവക്കുറിപ്പ് ) അവതരിപ്പിക്കുന്നു<br>**ഭാഷാകേളി**: അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി, ആസ്വാദനം എന്നിവ വളർത്തുന്നു.<br>**വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്:** അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം | ജൂൺ മാസം<br>ജൂൺ മാസം<br>ജൂൺ മാസം | മലയാള അധ്യാപകർ<br>മലയാള അധ്യാപകർ<br>മലയാള അധ്യാപകർ | 200<br>200<br>200 |
| 2. പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പ് വരുത്തുക | **വാർത്താലോകത്തേക്ക്**<br>1. പ്രതിദിനം ക്ലാസുകളിൽസ ഗ്രൂപ്പായി പത്രവായന നടത്തുക. വാർത്തകളോടുള്ള പ്രതികരണങ്ങൾ ചർച്ച ചെയ്യുക, ഉച്ചാരണ ശുദ്ധിയോടെവായിക്കാൻ അവസരമൊരുക്കുക<br>2. ആഴ്ച പതിപ്പുകൾ /മാസികകൾ വായനയും വിശകലനവും ക്ലാസ് ലൈബ്രറിയിലെയും സ്കൂൾ ലൈബ്രറിയിലെയും ആഴ്ചപ്പതിപ്പുകളും മാസികകളും വായിക്കാൻ പ്രോത്സാഹിപ്പിക്കുക. പുസ്തകക്കുറിപ്പ് തയ്യാറാക്കൽ ദിനാചരണങ്ങളുമായ് | എല്ലാ ദിവസവും | മലയാള അധ്യാപകർ<br>മലയാള ക്ലബ്ബ് | 200 |

| | | | | |
|---|---|---|---|---|
| | ബന്ധപ്പെട്ട പുസ്തകങ്ങളുടെ വായന<br>3. വായനാക്കൂട്ടം : പുസ്തകങ്ങൾ തിരഞ്ഞെടുത്ത് ഓരോ കുട്ടിയും വായിച്ച് കുറിപ്പെഴുതി മറ്റുള്ളവരെ കേൾപ്പിക്കുക<br>4. വായനാചരണം പുസ്തകപ്രദർശനങ്ങൾ സംഘടിപ്പിക്കുക. | പ്രതിമാസം | | |
| 3. സാഹിത്യകൃതികളോടും സാഹിത്യകാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ | സംവാദം/മുഖാമുഖ:<br>സാഹിത്യകാരൻമാർ, എഴുത്തുകാർ, കലാകാരൻമാർ എന്നിവരുമായുള്ള അഭിമുഖസംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു | വർഷത്തിൽ രണ്ടു പ്രാവശ്യം | ഹെഡ്മിസ്ട്രസ്സ് മലയാളം അധ്യാപകർ | പി.ടി.എ<br>200 |
| 4. ആധുനിക സാങ്കേതിക വിദ്യ:<br>മലയാളം കമ്പ്യൂട്ടറിംഗ് സാധ്യതകളെ പ്രയോജനപ്പെടുത്തുകയും പരിജ്ഞാനം നേടി എടുക്കുകയും ചെയ്യുക | ഇ- കമ്പ്യൂട്ടറിംഗ്<br>മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടറിംഗ് പരിശീലിപ്പുക്കുകയും മുഴുവൻ പഠിതാക്കളുടെയും സർഗ്ഗാത്മക രചനകൾ ഉൾക്കൊള്ളിച്ച് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു. | 1 വർഷം<br><br>വർഷാവസാനം | മലയാളം ഐ.ടി അധ്യാപകർ<br><br>മലയാളം അധ്യാപകർ | മലയാളം ക്ലബ്ബ് |
| 5. പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ | അംഗാവിഷ്കാരം<br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ ലഘു നാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. ശില്പശാലകൾ നടത്തുന്നു | അക്കാദമിക് വർഷം | പി.ടി.എ സ്കൂൾ | പിടി.എ |

U.P. English

| Aim | Activities | Month | Responsible Person | Economic Source |
|---|---|---|---|---|
| To encourage Listening and speaking | Interactive story telling sessions discussing themes, characters and plots to enhance listening skills | June | English Teacher | |
| Enhance Vocabulary | Vocabulary games and exercise to build word knowledge . Word wall and Mini dictionary Play word association games, charades or vocabulary bingo to practice new words and concepts | July | English Teachers | English Club |
| To encourage Reading , writing listening and speaking skills | Divide students in to small groups and assign each members as predictor clarifier, questionnaire and Summarizer. Each group will give a passage and the assigned members take turns reading aloud, find out new words, make questions and the summary of he passage. Guided reading sessions with comprehension questions | Through out the year | English Teacher | English Club |

| | | | | |
|---|---|---|---|---|
| Enable students to communicate confidently | English corner story<br>English Cartoon<br>English Assembly | Once in a Week | English Teacher | English Club |
| Enable Students for independent readers and writers | Picture reading, Simply games, My diary, News reading, Language games, puzzles. | | | |
| | *I Too Can!!*<br>Arrange different levels of reading cards. Students get opportunity to read without errors. ( Simple to complex)<br><br>**Run Baby Run**<br>Divide students in to group's Each group will be asked to find the meaning of a difficult word form the dictionary with in a set time and explain it in front of the class. | Through out the year<br><br>Class activity | English Teachers<br><br>English Teachers | |
| Develop writing Skills<br><br>Cultivate effective communication skills | **Alert Zone**<br>Important proverbs, posters and notice board messages under the title 'Alert Zone' will be displayed b y the students<br>**Fun time Funda**<br>Jokes, quiz questions, riddles and fun filled games will be conducted in the class during leisure time | Class activities | English Teacher | 200/- |

| | | | | |
|---|---|---|---|---|
| | **My droplets**<br>A mini magazine collected by students will be displayed in the class | | | |
| Enhance students speaking skills, develop leadership skills develop leadership skills and stage presence | **Leaning Ladder**<br>Students from each class are given a topic and asked to speak for three minutes without any preparation.<br><br>Expanding vocabulary with context class from passages. | | | |
| Develop writing skills | Practice for simple creative, writing tasks like descriptive paragraph, simple poems short stories. | October February | English Teacher | |

# G.U.PS PIRAVANTHOOR 2025 --26

## അക്കാദമിക് മാസ്റ്റർ പ്ലാൻ

മേഖല - അക്കാദമികം U.P ഉപമേഖല - ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പഠനോപകരണങ്ങൾ | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഭാഷഫലപ്രദമായിവായിക്കാനുംഎഴുതാനുമുള്ളശേഷി വികസിപ്പിക്കൽ | ഹിന്ദി ലൈബ്രറി ഒരുക്കൽ, വലിയ അക്ഷരങ്ങളോടു കൂടിയതും,വർണ്ണചിത്രങ്ങളോടുകൂടിയതും ആയ കഥാബുക്കുകൾ ചിത്രകഥകൾ ,ബാലമാസികകൾ സാഹിത്യരൂപങ്ങൾ പരിചയപ്പെടുത്തൽ | JUNE TO MARCH | പുസ്തകങ്ങൾ | |
| | ഹിന്ദി ബാലഗീതങ്ങൾശേഖരണം പ്രതിജ്ഞ ,ആഴ്ചകൾ ,മാസങ്ങൾദേശീയഗാനം എന്നിവ സ്ഥിരമായി വായിക്കുന്നതിനുള്ള സന്ദർഭം ഒരുക്കുക. | JUNE TO MARCH | വീഡിയോകൾ etc | |
| | രചനകൾ ,ദിനാചരണം,അസംബ്ളി ,വയനാമൂല ,പദപ്പയറ്റ് , | | | |
| അക്ഷരങ്ങളും, പദങ്ങളും | പക്ഷിമൃഗാദികൾ ,പഴ | | | |

| | | | | |
|---|---|---|---|---|
| ഉറപ്പിക്കുക ഹിന്ദിയിൽ സംസാരിയ്ക്കുന്നതിനുള്ള കഴിവ് ഉണ്ടാക്കി എടുക്കുക | ങ്ങൾ,പച്ചക്കറികൾ, വൃക്ഷങ്ങൾ ,എന്നിവയുടെ ചിത്രങ്ങളും പേരുകളും അടങ്ങിയ വായനാക്കാർഡുകൾ എന്നിവ ഉൾപ്പെടുത്തുക ,ക്ളബ്ബ് ഹിന്ദി മാത്രം ക്ളാസ്സുകളിൽ ഉപയോഗിക്കുന്നു. ഹിന്ദി തെറ്റിച്ച് അദ്ധ്യാപകൻവായിക്കുന്നു. കുട്ടികൾ ശരിയായി വായിക്കുന്നു. reading fight . | | | |
| ആശയങ്ങൾ,തെറ്റുകൂടാതെ പ്രകടിപ്പിക്കുന്നതിനും സർഗ്ഗാത്മകരചന നടത്തുന്നതിനുള്ള അവസരം നൽകുക | ദിനാചരണങ്ങൾ ,പോസ്റ്റർനിർമ്മാണം , കഥ ,ഉപന്യാസരചന ,അവതരണം പരിചയപ്പെടുത്തൽ. മത്സരങ്ങൾ .ക്ളാസ്സ് നിലവാരത്തിനനുസരിച്ച്കഴിവുകൾ ആർജ്ജിക്കുന്ന കുട്ടിയ്ക്ക് സമ്മാനം നൽകൽ ,ഹിന്ദി ഫെസ്റ്റ് സംഘടിപ്പിയ്ക്കൽ. | JUNE TO MARC H | | |
| ഭാഷ ശേഷിവികസിപ്പിക്കുന്നതിനായി ആധുനികസാങ്കേതികവിദ്യാസാധ്യതകളെ പ്രയോജനപ്പെടുത്തൽ | I ,C T | | | |
| ഭാഷാ ലാബ് | | | | |

## യു പി അടിസ്ഥാനശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര പ്രക്രിയാ ശേഷി വിജയിപ്പിക്കുക, ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർധിപ്പിക്കുക. | വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രൊജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു.<br><br>സ്കൂൾ തല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു.<br><br>ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്രവിസ്മയ ചുമർ ഓരോ ക്ലാസ്സിലും. | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ , സയൻസ് ക്ലബ്, ഊർജ്ജ ക്ലബ് | സയൻസ് ക്ലബ് |
| ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു. പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു. | ജൂൺ മുതൽ | ശാസ്ത്ര അധ്യാപകർ ,സയൻസ് ക്ലബ് | |
| ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതികവിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി | ഐസിടിയുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ ശാസ്ത്ര സത്യങ്ങൾ പാഠഭാഗവുമായി | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ | |

| | | | | |
|---|---|---|---|---|
| ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടു ത്തുക. | ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം. | | | |
| ആനുകാലിക ശാസ്ത്ര വാർത്തകളെ കുറിച്ച് മനസ്സിലാക്കുക. | ആനുകാലിക ശാസ്ത്ര വാർത്ത ബോർഡ്. | അക്കാദമിക വർഷം | ശാസ്ത്ര ക്ലബ്ബ് | |
| ശാസ്ത്രപോ ഷണം | ശാസ്ത്രവുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ സമു ചിതമായി ആചരിക്കുന്നു | | ശാസ്ത്ര ക്ലബ്ബ് | |

സാമൂഹ്യശാസ്ത്രം. യു.പി വിഭാഗം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ,ആശയങ്ങൾ ഇവ പരിശോധിക്കൽ, നേടിയെടുക്കൽ | സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട അടിസ്ഥാനതല അറിവ് പരിശോധിക്കുന്നതിനുള്ള പ്രഹേളിക പഠിതാവിന് നൽകുന്നു. | ജൂൺ | സാമൂഹ്യശാസ്ത്ര അധ്യാപകർ | 200/ |
| വിവരവിനിമയ സാങ്കേതികവിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുക. | റോഡ്സുരക്ഷ,സൈബർസുരക്ഷ, സൈബർ കുറ്റകൃത്യങ്ങള് എന്നിവയെക്കുറിച്ച് ബോധവത്ക്കരണ ക്ലാസ് സംഘടിപ്പിക്കുക. | ജൂൺ | സാമൂഹ്യശാസ്ത്ര അധ്യാപകർ | 1000/ |
| ആരോഗ്യകരമായ ഭക്ഷണരീതികളെക്കുറിച്ച് കുട്ടികളിൽ ധാരണ രൂപപ്പെടുത്തിയെടുക്കുക | ഭക്ഷ്യമേള സംഘടിപ്പിക്കുക ആരോഗ്യകരമായ ഭക്ഷണശീലം എന്ന വിഷയത്തിൽ ആരോഗ്യപ്രവർത്തകരുമായി അഭിമുഖം സംഘടിപ്പിക്കുക. | ജൂലൈ | സാമൂഹ്യശാസ്ത്ര അധ്യാപകർ സാമൂഹ്യശാസ്ത്ര ക്ലബ്ബ് | 2000/ |
| പുരാതന ലോകത്തെ രാഷ്ട്രരൂപീകരണം, ഭരണസംവിധാനങ്ങള്,സംസ്കാരികമുന്നേറ്റങ്ങള് എന്നിവ പരിചയപ്പെടുത്തുക. | പുരാതന ലോകത്തെ രാഷ്ട്രരൂപീകരണത്തെക്കുറിച്ച് കൂടുതൽ വിവരങ്ങള് ശേഖരിച്ച് ഡിജിറ്റൽ ആൽബം തയ്യാറാക്കുക. | ജൂലൈ | സാമൂഹ്യശാസ്ത്ര അധ്യാപകർ | 200/ |
| ജനാധിപത്യപരമായ ജീവിതസമീപനം രൂപപ്പെടുത്തുക | ഗ്രാമസഭ,വാർഡ്സഭ എന്നിവയിൽ രക്ഷിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യരീതിയുടെ അടിസ്ഥാനതലം മനസ്സിലാക്കുന്നു. സ്കൂള് തിരഞ്ഞെടുപ്പ് തിരഞ്ഞെടുപ്പ് പ്രക്രിയയിലൂടെ നടത്തപ്പെടുന്നു | ആഗസ്റ്റ് | പി.റ്റി.എ സാമൂഹ്യശാസ്ത്ര അധ്യാപകർ സാമൂഹ്യശാസ്ത്ര ക്ലബ്ബ് | 1000/ |
| ഭൂമിയുടെ അടിസ്ഥാന സവിശേഷതകള് ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ ഫലപ്രദമായി നിത്യജീവിതത്തിൽ ഉപയോഗപ്പെടുത്താനാവുക | Marble,K-Geography എന്നിവയുടെ സഹായത്തോടെ (I C T) അക്ഷാംശരേഖകള്,രേഖാംശരേഖകള് , വിവിധ രാജ്യങ്ങളുടെ സ്ഥാനനിർണ്ണയം എന്നിവ നടത്തുക ഗ്ലോബ്,അറ്റ്ലസ് ,ലോകഭൂപടം എന്നിവയുടെ സഹായത്തോടെ വിവിധ ലോകരാജ്യങ്ങളെ അർധഗോളങ്ങളിലായി പട്ടികപ്പെടുത്തുക | ആഗസ്റ്റ്-സെപ്റ്റംബർ | സാമൂഹ്യശാസ്ത്ര അധ്യാപകർ I T ക്ലബ്ബ് | 500/ |

സാമൂഹ്യശാസ്ത്രം [illegible] വിഭാഗം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭൂമിയുടെ അക്ഷാംശ-രേഖാംശരേഖകള്‍ ,ഭൂതല സവിശേഷതകള്‍ എന്നിവ വരച്ച് കാട്ടുക. നിർമ്മിക്കുന്നതിനുള്ള പ്രായോഗിക നൈപുണി വികസിപ്പിച്ചെടുക്കുക | ഭൂമിയുടെ അക്ഷാംശ-രേഖാംശരേഖകള്‍ ,ഭൂതല സവിശേഷതകള്‍ എന്നിവ വരച്ച് കാട്ടുക. നിർമ്മിക്കുക-ഗ്രൂപ്പ് പ്രവർത്തനം | സെപ്റ്റംബർ | സാമൂഹ്യശാസ്ത്ര അധ്യാപകർ | 2500/ |
| ഇന്ത്യൻ ഭരണഘടനയുടെ സവിശേഷതകള്‍ പരിചയപ്പെടുത്തി പൗരന്മാരെ തങ്ങളുടെ കടമകളെയും അവകാശങ്ങളെയുംകുറിച്ച് ബോധവാന്മാരാക്കുക | ഇന്ത്യൻ സ്വാതന്ത്ര്യ സമര ചരിത്രം വീഡിയോ പ്രദർശനം<br>ഇന്ത്യൻ ഭരണഘടനയുടെ സവിശേഷതകള്‍ -സെമിനാർ സംഘടിപ്പിക്കുക<br>ഭരണഘടനാദിനാചരണ പ്രവർത്തനങ്ങള്‍ | ഒക്ടോബർ നവംബർ | സാമൂഹ്യശാസ്ത്ര അധ്യാപകർ സാമൂഹ്യശാസ്ത്ര ക്ലബ് | 200/ |
| വിവിധ സംസ്കാരത്തിലുള്ള ജനവിഭാഗങ്ങളെ പരിചയപ്പെടുന്നതിലൂടെ സാമൂഹിക ജീവിതത്തിന്റെ സൗന്ദര്യവും നന്മയും തിരിച്ചറിയുക<br>വ്യത്യസ്ത സംസ്കാരങ്ങളോടുള്ള ബഹുമാനവും സഹിഷ്ണുതയും വളർത്തിയെടുക്കുക | വ്യത്യസ്ത സംസ്കാരങ്ങളിലെ ജനജീവിതം വീഡിയോ പ്രദർശനം<br>വിവിധ സംസ്കാരങ്ങളിലെ വസ്ത്രധാരണം പ്രദർശനം സംഘടിപ്പിക്കുക | ഡിസംബർ | സാമൂഹ്യശാസ്ത്ര അധ്യാപകർ | 500/ |
| സാമ്പത്തിക പ്രവർത്തനങ്ങളുടെ പ്രാഥമിക-ദ്വിതീയ-തൃതീയ മേഖലകളുടെ പരസ്പരബന്ധം സമ്പദ് വ്യവസ്ഥയെ ചലനാത്മകമാക്കുന്നതെങ്ങനെയെന്ന് വിശദീകരിക്കാനാകുക | ഉൽപാദനവും ഉൽപാദനഘടകങ്ങളും - സെമിനാർ സംഘടിപ്പിക്കുക<br>ദേശീയ ഉപഭോക്തൃ ദിനാചരണത്തിന്റെ ഭാഗമായി ഉപഭോക്താവിന്റെ അവകാശങ്ങളെക്കുറിച്ച് ബോധവത്ക്കരണ ക്ലാസ് സംഘടിപ്പിക്കുക | ഡിസംബർ | സാമൂഹ്യശാസ്ത്ര അധ്യാപകർ സാമൂഹ്യശാസ്ത്ര ക്ലബ് | 1000/ |
| വിവിധ ഭൂഖണ്ഡങ്ങളുടെ സവിശേഷതകള്‍ തിരിച്ചറിയുക | ഭൂഖണ്ഡങ്ങളുടെ തിരിച്ചറിയൽ കാർഡ് തയ്യാറാക്കുക.<br>വിവിധ ഭൂഖണ്ഡങ്ങളിലെ പ്രധാന സസ്യ-ജന്തുജാലങ്ങളുടെ ചിത്രങ്ങള്‍ ശേഖരിച്ച് ഡിജിറ്റൽ ആൽബം തയ്യാറാക്കുക. | ജനുവരി | സാമൂഹ്യശാസ്ത്ര അധ്യാപകർ | 200/ |

സാമൂഹ്യശാസ്ത്രം. യു.പി വിഭാഗം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സുസ്ഥിര വികസന കാഴ്ചപ്പാട് രൂപീകരിക്കുക | പരിസ്ഥിതി തകർച്ചയ്ക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകളുള്ള പ്രദേശങ്ങളിലേക്ക് ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുക | ഫെബ്രുവരി | സാമൂഹ്യശാസ്ത്ര അധ്യാപകർ സാമൂഹ്യശാസ്ത്ര ക്ലബ്ബ് | 7500/ |
| അക്കാദമിക വർഷാരംഭം മുതൽ പഠിതാക്കള് കൈവരിച്ച നേട്ടങ്ങളെ രക്ഷിതാക്കളുടെയും പൊതുസമൂഹത്തിന്റെയും മുന്നിൽ അവതരിപ്പിക്കുക | ക്ലാസ് പഠനോത്സവം,സ്കൂള് പഠനോത്സവം എന്നിവ സംഘടിപ്പിക്കുക | മാർച്ച് | സാമൂഹ്യശാസ്ത്ര അധ്യാപകർ സാമൂഹ്യശാസ്ത്ര ക്ലബ്ബ്,SRG,PTA | 2000/ |

# യു പി ഗണിതം

| | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പു വരുത്തുന്നു | കളിരീതിയിലുടെ അടിസ്ഥാനക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു .(മഞ്ചാടിക്കുരു,മുത്തുകൾ തുടങ്ങിയവ ഉപയോഗിയ്ക്കുന്നു ) | ജൂൺ | ഗണിതാധ്യപിക | |
| 2 | രസകരമായ ഗണിതശാസ്ത്രപഠനവും കരചലനശേഷികളുടെ വികാസവും | ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ ,അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ ,പ്രദർശനം സംഘടിപ്പിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | അദ്ധ്യാപിക | ഗണിതക്ലബ് |
| 3 | ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം | കാർഡ്ബോർഡ് ഉപയോഗിച്ച് ജ്യാമിതീയ രൂപങ്ങൾ ഉണ്ടാക്കുകയും അവ പ്രദർശിപ്പിക്കുകയും ചെയ്യുന്നു | ജൂലൈ | അദ്ധ്യാപിക | ഗണിതക്ലബ് |

| | | | | | |
|---|---|---|---|---|---|
| 4 | ആധുനിക ശാസ്ത്രസാങ്കേതികവിദ്യാ സാധ്യതകൾ ഗണിതപഠനത്തിനായി പ്രയോജനപ്പെടുത്തുന്നു | ജ്യാമിതീയ രൂപങ്ങൾ,ചതുഷ്ക്രിയകൾ പോലുള്ള പ്രവർത്തനങ്ങൾ ICT സാധ്യതകൾ ഉപയോഗപ്പെടുത്തികൊണ്ടു കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു | മാസത്തിൽ ഒരു പ്രാവശ്യം | ഗണിതാദ്ധ്യാപിക | |
| 5 | ഗവേഷണ പ്രവർത്തനങ്ങൾക്ക് താല്പര്യമുണ്ടാക്കാൻ സഹായിക്കുന്നു | ഗണിതശാസ്ത്രജ്ഞരെ പരിചയപ്പെടൽ .ഗണിതശാസ്ത്രജ്ഞരുടെ പ്രൊഫൈൽ തയ്യാറാക്കൽ | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത ക്ലബ് | |
| 6 | ജ്യാമിതീയ പാറ്റേണുകൾ തയ്യാറാക്കുന്നു | ജ്യാമിതീയ പാറ്റേണുകൾ തയ്യാറാക്കി പ്രദർശിപ്പിക്കുന്നു | ആഗസ്റ്റ് മാസം | ഗണിത ക്ലബ് | |
| 7 | ഗണിത നിഘണ്ടു തയ്യാറാക്കുന്നു | ഗണിത നിഘണ്ടു തയ്യാറാക്കി അവതരിപ്പിക്കുന്നു | അധ്യയന വർഷം | ഗണിതാദ്ധ്യാപിക | |
| 8 | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻ നിരയിലെത്തിക്കുന്നു | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ,ഗണിതാദ്ധ്യാപകരും മുൻനിരയിലുള്ള കുട്ടികളും ചേർന്ന് വേണ്ട മാർഗനിർദേശങ്ങൾ നൽകുന്നു | ആഴ്ചയിൽ ഒരു പീരീഡ് | ഗണിതാദ്ധ്യാപകർ | |

## ഉപസംഹാരം

സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസപദ്ധതിയുടെ ഭാഗമായി വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്ന സ്കൂളുകൾ മികവിന്റെ കേന്ദ്രങ്ങളായി മാറും എന്നതിൽ സംശയമില്ല.

സമൂഹത്തിന്റെ വിവിധ തലങ്ങളിലുള്ളവരുടെ കൂട്ടായ പ്രവർത്തനത്തിലൂടെ നമ്മുടെ വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കി മാറ്റണം.

വികസനത്തിന് ആവശ്യമായഫണ്ടുകളുടെ ലഭ്യത ഉറപ്പുവരുത്തണം. പുതിയ സാമ്പത്തിക മാർഗ്ഗങ്ങൾ കണ്ടെത്തണം.

"എന്റെ കഴിവിന്റെ ഒരു ഭാഗം വിദ്യാലയത്തിനുവേണ്ടി" എന്നൊരു വികസനസംസ്കാരം വളർത്തിയെടുക്കണം.

നമ്മുടെവിദ്യാലയത്തിന് ആവശ്യമായ ഭൗതിക സാമൂഹിക അക്കാദമിക നിലവാരം നേടിയെടുക്കാൻ കൂട്ടായി പരിശ്രമിക്കണം.

ജാതി,മത,രാഷ്ട്രീയ ചിന്തകൾ ഒരിക്കലും വിദ്യാലയവികസനത്തിന് തടസ്സമാകുന്നില്ല എന്ന് ഉറപ്പുവരുത്തണം.

സ്കൂൾ റിസോഴ്സ് ഗ്രൂപ്പ്